**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1831** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ് ബ്രേക്ക് ഡൗൺ ആകുന്നത് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്‌കുമാർ ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ് ബ്രേക്ക് ഡൗൺ നിരക്കുകൾ ഇരട്ടിയായ സാഹചര്യത്തിൽ വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2023 കലണ്ടർ വർഷത്തെ (12 മാസത്തെ) നിരക്ക് മൊത്തമായി പരിശോധിച്ചപ്പോൾ ബ്രേക്ക്ഡൗൺ നിരക്ക് 0.23 (10000 KM-ന്) എന്നുള്ളതാണ്. എന്നാൽ 2024-ലെ ആഗസ്റ്റ് മാസം വരെയുള്ള (8 മാസത്തെ) നിരക്ക് പരിശോധിക്കുമ്പോൾ ബ്രേക്ക്ഡൗൺ നിരക്ക് 0.29 (10000 KM-ന്) എന്നതാണ്. ഇത്തരത്തിൽ മുൻ വർഷത്തെ മുഴുവൻ മാസങ്ങളിലെ കണക്കുകളും ഈ വർഷത്തെ ആദ്യത്തെ 8 മാസത്തെ കണക്കുകളും താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലായെന്ന് വിലയിരുത്തുന്നു.<br><br>ടി ബ്രേക്ക്ഡൗൺ നിരക്ക് വീണ്ടും കുറയ്ക്കുന്നതിലേയ്ക്ക് സൂപ്പർ ചെക്കിംഗ് വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം നൽകി നടപ്പിലാക്കി വരുന്നു. കൂടാതെ യൂണിറ്റ് വർക്ക്ഷോപ്പിൽ നിർവ്വഹിക്കുന്ന Periodic Maintenance-കളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും, ജീവനക്കാരേയും നിയോഗിച്ച് വരുന്നു. |
| (ബി) | മികച്ച കളക്ഷനുള്ള ദീർഘദൂര സർവീസുകൾ പോലും തുടർച്ചയായി ബ്രേക്ക് ഡൗൺ ആകുന്നത് മൂലം യാത്രക്കാർ കൂടുതലായി പ്രൈവറ്റ് ബസ് സർവീസുകളെ ആശ്രയിക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ദീർഘദൂര സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡ് മുഖാന്തരം 2022-2023 കാലയളവ് മുതൽ 8 Sleeper Volvo ബസ്സുകളും 20 AC, 88 സൂപ്പർ ഡീലക്സ് സെമി സ്ലീപ്പർ, 2 sleeper cum seater, 151 സൂപ്പർ ഫാസ്റ്റ് Air Suspension ബസ്സുകളും നിരത്തിലിറക്കി സർവ്വീസ് നടത്തി വരുന്നു. 2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫണ്ട് ഉപയോഗിച്ച് പുതിയ ബസുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. 10 സൂപ്പർ ഫാസ്റ്റ് പ്രീമിയം A/C (push back seat) ബസുകൾ KSRTC-SWIFT-ന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങി സർവീസ് നടത്തുന്നതിനുള്ള നടപടികൾ അന്തിമ |

| | | | |
|---|---|---|---|
| | | | ഘട്ടത്തിലാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ക്ലാസ്സ് ശ്രേണിയിലുള്ള ഡീലക്സ് മിന്നൽ ബസ്സുകൾ പൂർണ്ണമായി നവീകരിച്ച് സർവ്വീസ് നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും തൽഫലമായി നാളിതുവരെ 22 ബസ്സുകൾ നവീകരിച്ച് സർവ്വീസിന് നൽകിയിട്ടുണ്ട്.<br><br>ദീർഘദൂര സർവീസുകൾക്ക് ഉപയോഗിക്കുന്ന ബസ്സുകൾ ഏതെങ്കിലും സാഹചര്യത്തിൽ ബ്രേക്ക്ഡൗൺ ആവുകയാണെങ്കിൽ യാത്രക്കാരുടെ സൗകര്യാർത്ഥം തൊട്ടടുത്ത ഡിപ്പോയിൽ നിന്നും പകരം സംവിധാനം ഒരുക്കുന്നതിനോ ഇതേ റൂട്ടിലുള്ള മറ്റ് ബസ്സുകളിൽ യാത്രാ സൗകര്യം ക്രമീകരിക്കുന്നതിനോ നിർദ്ദേശം നൽകിയിട്ടുള്ളതും അത് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. എന്നാൽ പ്രസ്തുത സൗകര്യം ഒരുക്കുവാൻ കഴിയാത്ത ചുരുക്കം സാഹചര്യങ്ങളിൽ മാത്രം ബസ് ലഭ്യമല്ലാത്ത വിവരം യാത്രക്കാരെ മുൻകൂട്ടി അറിയിക്കുന്നതിനും റിസർവേഷൻ തുക മടക്കി നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ബസ്സുകളുടെ ബ്രേക്ക്ഡൗൺ നിരക്ക് കുറച്ച് സർവീസ് ഓപ്പറേഷൻ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കാലപ്പഴക്കമേറിയ ബസ്സുകൾ ഒഴിവാക്കുന്നതിനും ബസുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും വാങ്ങുന്ന ബസുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ബസുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നിർവ്വഹിക്കുന്നതിനും production വർദ്ധിപ്പിക്കുന്നതിനും 5 വർക്ക്ഷോപ്പുകളെ production സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഫ്ളീറ്റ് & ഇൻവെന്ററി മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി ബസുകളുടെ അറ്റകുറ്റപണികൾ യഥാസമയം ചെയ്തുവരുന്നു. യൂണിറ്റ് വർക്ക്ഷോപ്പുകൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മെക്കാനിക്കൽ ജീവനക്കാരെ പുനർ വ്യന്യസിക്കുകയും, ആയതിനു ശേഷവും മതിയായ എണ്ണം മെക്കാനിക്കൽ ജീവനക്കാർ ലഭ്യമല്ലാത്ത യൂണിറ്റുകളിൽ കുറവുള്ള ജീവനക്കാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ബസുകളുടെ preventive maintenance നടത്തുന്നുണ്ട്. പുതുതായി വാങ്ങുന്ന ബസ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ബോഡി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സാങ്കേതിക സമിതിയെ നിയോഗിച്ച് പ്രോട്ടോ ഇൻസ്പെക്ഷൻ നടത്തുന്നുണ്ട്. ബസ്സുകളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കി വിതരണം ചെയ്തതിന് ശേഷം എല്ലാ ബസ്സുകളും ദർഘാസ് സ്പെസിഫിക്കേഷൻ പ്രകാരം പരിശോധിച്ചിട്ടാണ് ബസ്സുകൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ